## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 4955 21.10.2011-ൽ മറുപടിക്ക്

### ക്വാറികളിലെ സുരക്ഷാ സംവിധാനം

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.ആർ.സെൽവരാജ്<br>ശ്രീമതി.കെ.എസ്.സലീഖ<br>ശ്രീ.പുരുഷൻ കടലുണ്ടി<br>ശ്രീ.കെ.കെ.നാരായണൻ** | **ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പ് മന്ത്രി)** |
| (എ) ക്വാറികളുടെ പ്രവർത്തനം നിയന്ത്രിക്കുന്നതിന് ഏകീകൃതമായ ഒരു നിയമം നിലവിലുണ്ടോ; | (എ) ഉണ്ട്. കേന്ദ്ര നിയമമായ, മൈൻസ് ആന്റ് മിനറൽസ് (റഗുലേഷൻ ആന്റ് ഡവലപ്മെന്റ്) ആക്ട് 1957നെ അവലംബിച്ചുള്ള കേരളാ മൈനർ മിനറൽ കൺസഷൻ റൂൾസ് 1967-ഉം കാലാകാലങ്ങളിൽ സംസ്ഥാനഗവൺമെന്റ് പുറപ്പെടുവിക്കുന്ന ഉത്തരവുകളും അനുസരിച്ചാണ് സംസ്ഥാനത്ത് ക്വാറികളുടെ പ്രവർത്തനം നിയന്ത്രിക്കപ്പെടുന്നത്. |
| (ബി) ക്വാറികളിലെ തൊഴിലാളികളുടെയും ക്വാറികളുടെ സമീപമുള്ള വീടുകളുടെയും സുരക്ഷിതത്വവും പാരിസ്ഥിതിക പ്രശ്നങ്ങളും ഇപ്പോൾ കൃത്യമായിപരിശോധിക്കപ്പെടുന്നുണ്ടോ; | (ബി) ഉണ്ട്. ക്വാറികളിലെ തൊഴിലാളികളുടെ സുരക്ഷിതത്വം സംബന്ധിച്ച വിഷയങ്ങൾ തൊഴിൽ വകുപ്പ് പരിശോധിച്ചു വരുന്നുണ്ട്. ക്വാറികളുടെ സമീപത്തെ വീടുകളുടെ സുരക്ഷിതത്വം; ക്വാറി നടത്തിപ്പുമായി ബന്ധപ്പെട്ടുണ്ടാകുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ എന്നിവ മൈനിംഗ് & ജിയോളജി വകുപ്പും, സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡും പരിശോധിച്ചു വരുന്നു. |
| (സി) ക്വാറികളുമായി ബന്ധപ്പെട്ട അപകടമരണങ്ങൾ വർദ്ധിച്ചു വരുന്നതായി അറിയാമോ? | (സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>സെക്ഷൻ ഓഫീസർ |